TUESDAY 30.01.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/01/2024

1. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക.

2. കാർഷിക മേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്ക്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈനായി 01/08/2023 മുതൽ സ്വീകരിച്ചു വരുന്നുണ്ട്. 2023-2024 സാമ്പത്തിക വർഷത്തിലെ കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിനും കർഷകരുടെ കൂട്ടായ്മകൾ, FPOകൾ, പഞ്ചായത്തുകൾ തുടങ്ങിയവരുടെ അപേക്ഷകൾ ഓൺലൈനായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

01/02/2024 മുതൽ agrimachinery.nic.in എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. അപേക്ഷിക്കുന്ന ഗ്രൂപ്പുകൾക്ക് പാൻകാർഡ്, ബാങ്ക് അക്കൗണ്ട്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും കുറഞ്ഞത് 8 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനു ശേഷം ബന്ധപ്പെട്ട അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും കൃഷി ഓഫീസറുടെ ശുപാർശയോടെ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ ചേരാൻ അവസരം. ചികിത്സാ ചെലവു താങ്ങാനാവാതെ പശുക്കളെ വിൽക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ രൂപകൽപന ചെയ്ത പദ്ധതിയിൽ ഇടുക്കി ജില്ലയിലെ എല്ലാ ക്ഷീരകർഷകർക്കും അംഗമായി ചേർന്ന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്താനാവും. മൊബൈലിൽ ലഭിക്കുന്ന ലിങ്ക് വഴി ക്ഷീര കർഷകർക്ക് എളുപ്പത്തിൽ പദ്ധതിയിൽ ചേരാനവും. ക്ഷീര കർഷകർക്കായുള്ള ഈ ഗ്രൂപ്പ് ഇൻഷുറൻസ് പോളിസിയുടെ കാലാവധി 2023 ഡിസംബർ 18 മുതൽ 2024 ഡിസംബർ 17 വരെയാണ്. പദ്ധതിയിൽ 80 വയസ്സ് വരെയുള്ള ക്ഷീരകർഷകനും അവരുടെ ജീവിത പങ്കാളിക്കും ആശ്രിതരായ 25

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വയസ്സു വരെയുള്ള 4 കുട്ടികൾക്കും അംഗമാകാം. അംഗമാകുന്നവർക്ക് ഒരു വർഷത്തേക്ക് ഒരു ലക്ഷം രൂപയുടെ ആരോഗ്യ സുരക്ഷാ പോളിസിയും 7 ലക്ഷം രൂപയുടെ അപകട സുരക്ഷാ ഇൻഷുറൻസ് കവറേജും 59 വയസ്സ് വരെയുള്ളവർക്ക് ഒരു ലക്ഷം രൂപയുടെ (സ്വാഭാവികമരണത്തിന്) ലൈഫ് ഇൻഷുറൻസും ലഭിക്കും. ഇൻഷുറൻസിൽ ചേരുന്ന ആദ്യ 22000 ക്ഷേമനിധി അംഗങ്ങൾക്ക് 1725 രൂപ സബ്സിഡി ലഭിക്കും.

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ചിപ്പികൂൺ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ വിളിക്കുക

5. വെള്ളാനിക്കര ഫലവർഗ വിള ഗവേഷണ കേന്ദ്രത്തിൽ വിവിധയിനം മാവ്, പ്ലാവ്, പാഷൻ ഫ്രൂട്ട്, കവുങ്ങ്, വടുകപ്പുളി, നാരകം, പേര ആത്തച്ചക്ക, കറിവേപ്പ്, ചാമ്പ, സീതപ്പഴംതൈ എന്നീ മുന്തിയ ഇനം നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് ജൈവ വളങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487- 2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ ''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT), ആറ് മാസത്തെ കോഴ്സായ 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് (CPF)' എന്നീ കോഴ്സുകൾക്ക് 2024-25 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത: ''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി'-പ്ലസ് ടു വിജയിച്ചിരിക്കണം, ''സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ്''- 8-ാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31/01/2024

ആകുന്നു. onlineadmission.ignou.ac.in വഴി ഓൺലൈനായി അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000931, 9400608493 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ജനുവരി 30, 31 തീയതികളിൽ തീറ്റപ്പുൽ കൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153/9633668644 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം